No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2019
## സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ
## NRI ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകർ രേഖകൾ സമർപ്പിക്കണം

**2019–20** അധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിലെ മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലും നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസിലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ 15% എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റി ലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിനുള്ള യോഗ്യത:**

എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/ അമ്മ/ സഹോദരൻ അല്ലെങ്കിൽ സഹോദരി (മാതാപിതാക്കളുടെ സഹോദരി സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ ഭർത്താവ്/ ഭാര്യ/ അച്ഛന്റേയോ അമ്മയുടെയോ സഹോദരി സഹോദരൻമാർ (അച്ഛന്റേയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരി സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ അർദ്ധ സഹോദരൻ/ അർദ്ധ സഹോദരി/ ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം.

**സമർപ്പിക്കേണ്ടുന്ന രേഖകൾ:**

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും.
2) തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്സ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിനു പകരം സ്പോൺസർ ഒരു എൻ.ആർ.ഐ./ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ ഗ്രീൻ കാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.
3) വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.
4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം.
5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM-2019 Candidate Portal'**-ൽ പ്രവേശിച്ച് **'NRI Document Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് പ്രസ്തുത രേഖകൾ **2019 ജൂൺ 12–ാം തീയതി വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിശ്ചിത സമയത്തിനകം ആവശ്യമായ സർട്ടിഫിക്കറ്റുകൾ/ രേഖകൾ അപ്‌ലോഡ് ചെയ്യുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റ് അലോട്ട്മെന്റിന് മുൻപ് പ്രസിദ്ധീകരിക്കുന്നതാണ്. കൃത്യമായ രേഖകൾ സമർപ്പിക്കാത്തവരെ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471–2332120, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
31.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**